(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) നാദാപുരത്തുണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ച 188 പേർക്ക് 38,05,467 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഓരോരുത്തർക്കും നൽകിയ തുക സംബന്ധിച്ച വിശദ വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

മന്ത്രിമാരുടെ സൽക്കാര ചെലവ്

56 (990) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരോ മന്ത്രിയും സൽക്കാരച്ചെലവിനത്തിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ മന്ത്രിസഭായോഗങ്ങളിൽ ഭക്ഷണം നൽകിയ വകയിൽ എന്തുതുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 88,576 രൂപ

കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി

57 (991) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ 51 ശതമാനം ഓഹരി സർക്കാർ നിലനിർത്തുന്നതിനു തീരുമാനമെടുത്തോ ; അപ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നൽകേണ്ട 72 കോടി രൂപ സർക്കാർ കമ്പനിക്ക് എന്ന് നൽകും എന്ന് വെളിപ്പെടുത്തുമോ ;

(ബി) 51 ശതമാനം ഓഹരി പങ്കാളിത്തം നിലനിർത്താൻ നൽകേണ്ട 72 കോടി രൂപ കമ്പനിയിൽ നിക്ഷേപിക്കാതെ കൂടുതൽ സർക്കാർ പ്രതിനിധികളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസോ റൂളോ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 51 ശതമാനം ഓഹരി നിലനിറുത്താൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കമ്പനിക്ക് നൽകേണ്ട തുക കൊടുക്കുവാനുള്ള സമയപരിധി തീരുമാനിച്ചിട്ടില്ല.

† അനുബന്ധം - XVI

LIBRARY ARCHIVES Kerala Legislative Assembly